REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 17-03-2025 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- **രാജ്യം സമാധാനത്തിന് പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **പത്താമത് റെയ്സിന ഡയലോഗിന് ന്യൂഡൽഹിയിൽ ഇന്ന് തുടക്കം.**
- **സംസ്ഥാനത്തിന്റെ പരമോന്നത പുരസ്കാരങ്ങളായ കേരള പുരസ്കാരങ്ങൾ വൈകിട്ട് ഗവർണർ രാജേന്ദ്ര വിശ്വനാഥ അർലേക്കർ തിരുവനന്തപുരത്ത് സമ്മാനിക്കും.**
- **മനുഷ്യരെന്ന നിലയിൽ അന്തസ്സ് ഉയർത്തിപ്പിടിച്ചു ജീവിക്കാൻ ട്രാൻസ് സമൂഹത്തിന് അവകാശമുണ്ടെന്ന് മന്ത്രി ഡോ.R.ബിന്ദു.**
- **അന്താരാഷ്ട്ര മാസ്റ്റേഴ്സ് ലീഗ് ട്വന്റി-20 കിരീടം ഇന്ത്യയ്ക്ക്.**

## വാർത്തകൾ വിശദമായി

ഇന്ത്യ നിഷ്പക്ഷമല്ലെന്നും, സമാധാനത്തിന് പ്രതിജ്ഞാബദ്ധമാണെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. അമേരിക്കൻ പോഡ്കാസ്റ്റർ ലക്സ് ഫ്രീഡ്മാനുമായി നടത്തിയ അഭിമുഖത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യം സമാധാനത്തെ കുറിച്ച് സംസാരിക്കുമ്പോഴെല്ലാം, ലോകം ശ്രദ്ധിക്കുന്നത് ഗൗതമ ബുദ്ധന്റെയും, മഹാത്മാഗാന്ധിയുടെയും നാടായതുകൊണ്ടാണെന്നും നരേന്ദ്രമോദി വ്യക്തമാക്കി.

ഡെസ്ക്ക് റിപ്പോർട്ട്

.......(വോയ്സ്).......

ഇന്ത്യൻ ജനത ഐക്യത്തിലും സമാധാനത്തിലുമാണ് നിലകൊള്ളുന്നത്. റഷ്യ-ഉക്രൈൻ സംഘർഷം ഇരുരാജ്യങ്ങളും ചർച്ചാമേശയിലേക്ക് വരുമ്പോൾ മാത്രമേ പരിഹരിക്കാൻ കഴിയൂ എന്നും ഫ്രീഡ്മാന്റെ ചോദ്യത്തിന് മറുപടിയായി നരേന്ദ്രമോദി പറഞ്ഞു.

നിലവിൽ റഷ്യയും ഉക്രൈനും തമ്മിൽ അർത്ഥവത്തും, ഫലപ്രദവുമായ ചർച്ചയ്ക്ക് അവസരമൊരുക്കുന്നുവെന്നും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു. ഇന്ത്യയ്ക്കും ചൈനയ്ക്കും പുരാതന സംസ്കാരവും നാഗരികതയും ഉണ്ടെന്നും, അതിനാൽ ഇരുരാജ്യങ്ങളും തമ്മിലെ ബന്ധം പുതിയതല്ലെന്നും മോദി അഭിപ്രായപ്പെട്ടു. രണ്ടു രാജ്യങ്ങളും ചേർന്ന് ആഗോള നന്മയ്ക്ക് സംഭാവന നൽകിയിട്ടുണ്ടെന്നും ചൂണ്ടിക്കാട്ടിയ പ്രധാനമന്ത്രി, ഇന്ത്യയും ചൈനയും തമ്മിൽ ഭാവിയിലും ബന്ധം ശക്തമായി തുടരുമെന്നും പറഞ്ഞു. ഇന്ത്യയ്ക്കും ചൈനയ്ക്കുമിടയിൽ അഭിപ്രായ വ്യത്യാസങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും ഭിന്നതകൾ തർക്കങ്ങളായി മാറാതിരിക്കാനാണ് ശ്രദ്ധയെന്നും പ്രധാനമന്ത്രി പോഡ്കാസ്റ്റിൽ വ്യക്തമാക്കി. അഭിപ്രായ വ്യത്യാസത്തിലല്ല, പരസ്പര ചർച്ചയിലാണെങ്കിൽ മാത്രമേ സുസ്ഥിരവും, സഹകരണാത്മകവുമായ ബന്ധം കെട്ടിപ്പടുക്കാൻ കഴിയൂ എന്നും നരേന്ദ്രമോദി സംഭാഷണത്തിൽ അടിവരയിട്ടു.

നിർമ്മിത ബുദ്ധിയിൽ ലോകം എത്ര മുന്നേറിയാലും ഇന്ത്യയില്ലെങ്കിൽ അത് അപൂർണമായി തുടരുമെന്നും AI യുടെ വികസനത്തിൽ രാജ്യം കാര്യമായ സംഭാവന നൽകുന്നുണ്ടെന്നും അദ്ദേഹം എടുത്തു പറഞ്ഞു. സ്വതന്ത്രവും നീതിയുക്തവുമായ തിരഞ്ഞെടുപ്പ് നടത്തുന്നതിൽ ഇന്ത്യയുടെ തിരഞ്ഞെടുപ്പ് കമ്മീഷൻ ആഗോള രംഗത്തു തന്നെ ശ്രദ്ധ നേടിയതായും നരേന്ദ്രമോദി പറഞ്ഞു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ 10-ാമത് റെയ്സിന ഡയലോഗ് ഉദ്ഘാടനം ചെയ്യും. ന്യൂസിലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സൺ ഉദ്ഘാടന സമ്മേളനത്തിൽ മുഖ്യാതിഥിയായി പങ്കെടുക്കും. ഭൗമരാഷ്ട്രീയം, ആഗോള സാമ്പത്തികരംഗം എന്നീ മേഖലകളിലെ നിരവധി സുപ്രധാന വിഷയങ്ങൾ ചർച്ചയാകും. 125 രാജ്യങ്ങളിലെ പ്രതിനിധികളടക്കം 3,500-ലധികം പേർ നേരിട്ട് പങ്കെടുക്കും.

റെയ്സിന ഡയലോഗ് മറ്റന്നാൾ സമാപിക്കും.

✪✪✪

ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ അമേരിക്കയുടെ ദേശീയ രഹസ്യാന്വേഷണ ഡയറക്ടർ തുളസി ഗബ്ബാഡുമായി ന്യൂഡൽഹിയിൽ

കൂടിക്കാഴ്ച നടത്തി. ഇന്ത്യ-US ബന്ധത്തിന്റെ വിവിധ തലങ്ങളെക്കുറിച്ച് ഇരുവരും വിശദമായ ചർച്ച നടത്തി. ബഹുരാഷ്ട്ര സന്ദർശനത്തിന്റെ ഭാഗമായാണ് ഗബ്ബാഡിന്റെ ഇന്ത്യാസന്ദർശനം. ഇന്നത്തെ റെയ്സിന ഡയലോഗിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഗബ്ബാഡിനെയും ക്ഷണിച്ചിട്ടുണ്ട്.

✪✪✪

യുവാക്കളെ തൊഴിലിന് സജ്ജമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്രം നടപ്പാക്കുന്ന പ്രധാനമന്ത്രിയുടെ ഇന്റേൺഷിപ്പ് സ്കീമിനായി പ്രത്യേക ആപ്പ് കേന്ദ്രമന്ത്രി നിർമ്മല സീതാരാമൻ ഇന്ന് പുറത്തിറക്കും. അപേക്ഷകർക്ക് മൊബൈൽ ഫോണുകളിലൂടെ ഈ ആപ്പ് ഉപയോഗപ്പെടുത്താൻ കഴിയും. ആപ്പ് ലോഞ്ചിനൊപ്പം, ഇന്റേൺഷിപ്പ് സ്കീമിനായി ഫെസിലിറ്റേഷൻ സെന്ററും കൊൽക്കത്തയിൽ സ്ഥാപിക്കുന്നുണ്ട്. ആപ്പു വഴി ഈ മാസം 31 വരെ അപേക്ഷകർക്ക് രജിസ്റ്റർ ചെയ്യാം.

✪✪✪

മനുഷ്യരെന്ന നിലയിൽ അന്തസ്സ് ഉയർത്തിപ്പിടിച്ചു ജീവിക്കാൻ ട്രാൻസ് സമൂഹത്തിന് അവകാശമുണ്ടെന്ന് മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു. സംസ്ഥാന സാമൂഹ്യനീതി വകുപ്പ് സംഘടിപ്പിക്കുന്ന നാലാമത് 'വർണ്ണപ്പകിട്ട്' ട്രാൻസ്ജെൻഡർ ഫെസ്റ്റ് തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

....(വോയ്സ്)....

അനീതിയും വിവേചനവുമല്ല ട്രാൻസ് സമൂഹം ആഗ്രഹിക്കുന്നതെന്നും, അവരുടെ സുരക്ഷിതവും സുഗമവുമായ ജീവിതത്തിനു വേണ്ടി നിരവധി പദ്ധതികൾ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ടെന്നും മന്ത്രി ഡോ. R ബിന്ദു അറിയിച്ചു. ട്രാൻസ്ജെൻഡർ വ്യക്തികളുടെ സർഗ്ഗാത്മക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും സമൂഹത്തിൽ അവരുടെ സ്വീകാര്യത വർദ്ധിപ്പിക്കുന്നതിനും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

സമൂഹത്തിന്റെ കാഴ്ചപ്പാടുകളിൽ മാറ്റം വരുത്തി, ട്രാൻസ് സമൂഹത്തിന്റെ സ്വീകാര്യത ഉയർത്തുക എന്ന ലക്ഷ്യത്തോടെയുമാണ് വർണ്ണപ്പകിട്ട് നടത്തുന്നത്. വിദ്യാഭ്യാസത്തിലും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിലും സാമൂഹ്യനീതി വകുപ്പ് പദ്ധതികൾ നടപ്പാക്കി വരുന്നുണ്ടെന്ന് മന്ത്രി അറിയിച്ചു. സ്കൂളിലെ ട്രാൻസ് ജെൻഡർ വിദ്യാർത്ഥികൾക്ക് പ്രതിമാസം ആയിരം രൂപയും, കോളേജിൽ പഠിക്കുന്നവർക്ക് പ്രതിമാസം രണ്ടായിരം രൂപയും വകുപ്പ്

നൽകുന്നുണ്ട്. ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് രണ്ടര ലക്ഷം മുതൽ അഞ്ചു ലക്ഷം രൂപ വരെയാണ് നൽകുന്നത്. തുടർ ചികിത്സ വേണ്ടവർക്ക് പ്രതിമാസം 3,000 രൂപയും ലഭ്യമാക്കുന്നുണ്ട്. ട്രാൻസ് സമൂഹത്തിന് മുഴുവൻ സമയ ഹെൽപ്പ് ലൈൻ പദ്ധതിയും ഗവൺമെന്റ് ഒരുക്കിയിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു.

✪✪✪

കൊച്ചി വിമാനത്താവളത്തിന് സ്ഥലമേറ്റെടുത്തപ്പോൾ വീടും സ്ഥലവും നഷ്ടപ്പെട്ടവർക്കായി രൂപം നൽകിയ രണ്ടാംഘട്ട പുനരധിവാസ പദ്ധതിയ്ക്ക് സിയാൽ ഡയറക്ടർ ബോർഡ് അംഗീകാരം നൽകിയതായി മന്ത്രി P രാജീവ് അറിയിച്ചു. സിയാലിൽ വിളിച്ചുചേർത്ത രണ്ടാംഘട്ട പുനരധിവാസ പാക്കേജിന് അർഹരായവരുടെ യോഗത്തിലാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്.

✪✪✪

എല്ലാ ഗ്രാമപഞ്ചായത്തുകളിലും കളിക്കളം ഒരുക്കുക എന്ന ലക്ഷ്യമാണ് സംസ്ഥാന ഗവൺമെന്റിന്റേതെന്ന് മന്ത്രി V. അബ്ദുറഹിമാൻ പറഞ്ഞു. എറണാകുളം ജില്ലയിൽ ഒരു കോടി രൂപ ചെലവിൽ നവീകരണം പൂർത്തിയാക്കിയ പല്ലാരിമംഗലം പഞ്ചായത്ത് EMS സ്റ്റേഡിയം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കായിക വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകളിലായി 129 കളിക്കളങ്ങൾ ഇതിനകം നിർമ്മിച്ചു കഴിഞ്ഞിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു. 150 ഇടങ്ങളിൽ കൂടി പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം എന്ന ലക്ഷ്യം പൂർത്തീകരിക്കുമെന്നും അദ്ദേഹം അറിയിച്ചു.

✪✪✪

നവകേരള സദസ്സിലൂടെ എന്ത് നേട്ടമുണ്ടായി എന്ന ചോദ്യത്തിന് ഉത്തരമാണ് തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ഗ്രാമീണ റോഡുകൾക്കുണ്ടായ മാറ്റമെന്ന് മന്ത്രി A.K ശശീന്ദ്രൻ പറഞ്ഞു. കോഴിക്കോട് കുന്ദമംഗലം വെളൂർ-താളിക്കുണ്ട് വയോജന പാർക്ക് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

വയോജനങ്ങൾക്ക് പരസ്പരം മനസ്സിലാക്കാൻ ഇടമൊരുക്കുന്ന പാർക്ക്, വയോജന കുടുംബ സംഗമ വേദി കൂടിയായി മാറുമെന്ന് അദ്ദേഹം പറഞ്ഞു.

✪✪✪

സാമൂഹ്യ വിപത്തായ ലഹരിക്കെതിരെ സമൂഹത്തിന്റെ മുഴുവൻ ജാഗ്രതയും വേണമെന്നും ഗൗരവത്തോടെ ഈ വിപത്തിനെ ചെറുക്കാൻ രക്ഷിതാക്കൾ

തയ്യാറാകണമെന്നും മന്ത്രി M.B രാജേഷ് പറഞ്ഞു. പാലക്കാട് ആനക്കര ഗവ. ഹയർസെക്കന്ററി സ്കൂളിലെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാഭ്യാസ രംഗത്ത് ഗവൺമെന്റ് 3,500 കോടി രൂപ വിനിയോഗിച്ചെന്നും മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാനത്തിന്റെ പരമോന്നത പുരസ്കാരങ്ങളായ കേരള പുരസ്കാരങ്ങൾ വൈകിട്ട് ഗവർണർ രാജേന്ദ്ര വിശ്വനാഥ അർലേക്കർ തിരുവനന്തപുരത്ത് സമ്മാനിക്കും. രാജ്ഭവനിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ അധ്യക്ഷനാകും. കേരള ജ്യോതി, കേരള പ്രഭ, കേരളശ്രീ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായാണ് 2024 ലെ കേരള പുരസ്കാരങ്ങൾ നൽകുക. കേരള ജ്യോതി പുരസ്കാരം പ്രൊഫ.M.K.സാനുവിനാണ്.

✪✪✪

MG സർവകലാശാലാ കലോത്സവം 'ദസ്തക്, അൺടിൽ ലാസ്റ്റ് ബ്രീത്ത്' ന് തൊടുപുഴ അൽ അസ്ഹർ കോളേജിൽ വൈകിട്ട് ഏഴിന് തിരി തെളിയും. ഇടുക്കി, കോട്ടയം, പത്തനംതിട്ട, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിലെ മൂന്നൂറോളം അഫിലിയേറ്റഡ് കോളേജുകളിലെ മത്സരാർത്ഥികൾ കലോത്സവത്തിൽ പങ്കെടുക്കും.

ഇത് മൂന്നാം തവണയാണ് MG കലോത്സവത്തിന് ഇടുക്കി ജില്ല വേദിയാകുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി രതീഷ് കൃഷ്ണ.

....(വോയ്സ്).....

തൊടുപുഴ അൽ അസ്ഹർ ക്യാമ്പസിലെ ഒമ്പത് വേദികളിലായി 88 ഇനങ്ങളിലാണ് മത്സരങ്ങൾ. 278 കോളേജുകളിലെ 6396 പേർ കലോത്സവത്തിൽ മാറ്റുരയ്ക്കും. അഞ്ച് ട്രാൻസ്ജെൻഡർ വിദ്യാർഥികളും കലോത്സവത്തിന്റെ ഭാഗമാണ്. സ്റ്റാൻഡ് അപ് കോമഡിയടക്കം ഇത്തവണ 15 പുതിയ ഇനങ്ങളുണ്ട്. പ്രധാന വേദിയുടെ പേര് കേരളം. ക്യൂബ, ഗാസ, ഇംഫാൽ, അമരാവതി, കീഴ്‌വെൺമണി, വാച്ചാത്തി, കയ്യൂർ, തേഭാഗ എന്നിങ്ങനെയാണ് മറ്റ് വേദികൾ. കഴിഞ്ഞ കലോത്സവത്തേക്കാൾ കൂടുതൽ രജിസ്ട്രേഷൻ ഇത്തവണയുണ്ട്. അഞ്ച് കെട്ടിടങ്ങളിലായി നൂറിലേറെ ഗ്രീൻ റൂമുകളാണ് സജ്ജമാക്കിയിട്ടുള്ളത്. ഏഴ് ദിവസവും കലോത്സവം നിയന്ത്രിക്കാൻ മുഴുവൻ സമയ വോളന്റിയർമാരായി 500 പേരുണ്ട്. ഇതിൽ 150 പേർ വനിതകളാണ്.

✪✪✪

അന്താരാഷ്ട്ര മാസ്റ്റേഴ്സ് ലീഗ് ട്വന്റി-20 കിരീടം ഇന്ത്യ സ്വന്തമാക്കി. റായ്പൂരിൽ വെസ്റ്റ് ഇൻഡീസിനെ ആറ് വിക്കറ്റിനാണ് സച്ചിൻ ടെണ്ടുൽക്കറുടെ നേതൃത്വത്തിൽ ഇന്ത്യ പരാജയപ്പെടുത്തിയത്.

✪✪✪

കബഡി ലോകകപ്പിന് ഇന്ന് ഇംഗ്ലണ്ടിൽ തുടക്കമാകും. നാല് നഗരങ്ങളിലായാണ് മത്സരം. പുരുഷ വിഭാഗത്തിൽ വിഭാഗത്തിൽ 10 ടീമുകളും, വനിതാ വിഭാഗത്തിൽ ആറ് ടീമുകളും മത്സരിക്കുന്നുണ്ട്.

ഇന്ത്യൻ പുരുഷ ടീം വൈകീട്ട് അഞ്ചരയ്ക്ക് ഇറ്റലിയെ നേരിടും.

✪✪✪

സെക്രട്ടറിയേറ്റിന് മുന്നിൽ ആശാ പ്രവർത്തകർ നടത്തുന്ന രാപകൽ സമരത്തിന്റെ തുടർച്ചയായി ഇന്ന് സെക്രട്ടറിയേറ്റ് ഉപരോധിക്കുമെന്ന് സമരക്കാർ അറിയിച്ചു. അതേസമയം, ഇന്ന് ആശ പ്രവർത്തകർക്ക് പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ, പാലിയേറ്റീവ് കെയർ ഗ്രിഡ് എന്നിവയെ സംബന്ധിച്ച പരിശീലനം നല്കാൻ ആരോഗ്യവകുപ്പ് ജില്ലാ പ്രോഗ്രാം മാനേജർ മുഖേന നോട്ടീസ് നൽകി.

✪✪✪

അടുത്ത മാസം 19 മുതൽ മെയ് ഒന്നു വരെ കോഴിക്കോട് സംഘടിപ്പിക്കുന്ന 12-ാമത് കുടുംബശ്രീ ദേശീയസരസ് മേളയുടെ സ്വാഗതസംഘം ഓഫീസ് ബീച്ച് പോർട്ട് ബംഗ്ലാവിൽ പ്രവർത്തനമാരംഭിച്ചു. മന്ത്രി P.A മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്തു.

മികച്ച ജനപങ്കാളിത്തവും പിന്തുണയും ഉറപ്പാക്കുന്നതിനാവശ്യമായ വിവിധ പ്രചാരണ പരിപാടികളും ഇതിന് മുന്നോടിയായി സംഘടിപ്പിക്കും.

✪✪✪

ഇടുക്കി വണ്ടിപ്പെരിയാർ ഗ്രാമ്പിയിലെ കടുവയെ പിടികൂടുന്നതിന് ദൗത്യം അല്പസമയത്തിനകം പുനരാരംഭിക്കും. കടുവയെ കൂട് വെച്ച് പിടികൂടുന്നതിന് വനം വകുപ്പിന്റെ നടപടികളും പുരോഗമിക്കുകയാണ്.

കടുവയുടെ സാന്നിധ്യം അവസാനമായി കണ്ടെത്തിയ ഹില്ലാഷ്, അരണക്കൽ മേഖലയിൽ ഒരു കൂടും, ഗ്രാമ്പിയിലെ ജനവാസ മേഖലയിൽ രണ്ടു കൂടുകളും കൂടി പുതുതായി സ്ഥാപിക്കുമെന്ന് വനം വകുപ്പ് അറിയിച്ചു.

✪✪✪

കണ്ണൂർ ആറളം പുനരധിവാസമേഖലയിൽ കാട് വെട്ടിത്തെളിക്കൽ പ്രവൃത്തികളും ആനതുരത്തൽ ദൗത്യവും ഇന്ന് പുനരാരംഭിക്കും. മന്ത്രി A.K ശശീന്ദ്രന്റെ നിർദേശപ്രകാരം സണ്ണി ജോസഫ് MLA യുടെ നേതൃത്വത്തിൽ രൂപവത്കരിച്ച പ്രാദേശിക കമ്മിറ്റി തീരുമാനപ്രകാരമാണ് ദൗത്യം.

✪✪✪

കാസർകോട് മൂന്നാം കടവ് മിനി ചെക്ക് ഡാം നിർമ്മാണ നിർമ്മാണ സർവ്വേ പ്രവർത്തനങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തിയതിനു ശേഷം മാത്രമായിരിക്കുമെന്ന് ജില്ലാ കളക്ടർ K. ഇമ്പശേഖർ അറിയിച്ചു. കല്യോട്ട് ഗവൺമെൻറ് ഹയർസെക്കൻഡറി സ്കൂളിൽ ചേർന്ന നാട്ടുകാരുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗത്തിലാണ് കളക്ടർ ഇക്കാര്യം അറിയിച്ചത്.

✪✪✪

കാസർകോടിന്റെ പിന്നാക്ക അവസ്ഥയ്ക്ക് ചരിത്രപരമായ കാരണങ്ങളുണ്ടെന്നും, അതിനെ അതിജീവിക്കാൻ ജനത മുന്നോട്ടുവരികയാണെന്നും ഇതിന് ഉദാഹരണമാണ് ജില്ലാ പഞ്ചായത്തിന്റെ പ്രവർത്തനങ്ങളെന്ന് ചരിത്രകാരൻ ഡോ.K.K.N കുറുപ്പ് പറഞ്ഞു. മടിക്കൈ അമ്പലത്തുകരയിൽ 'സമം' സാംസ്കാരിക ഉത്സവം മൂന്നാം ദിനം വനിതാ ജനപ്രതിനിധികളുടെ സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: ശരണ്യ രാജൻ*
*News Team: സബിത ആനന്ദ്*
*DEO: ഷീബ*